**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5447** **03-11-2021 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി കോടതി കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | വടക്കാഞ്ചേരി മണ്ഡലത്തിലെ തലപ്പിള്ളി താലൂക്ക് ആസ്ഥാനത്ത് സ്ഥിതിചെയ്യുന്ന പഴയ കോടതി കെട്ടിടം പൊളിച്ചുമാറ്റി ആധുനികരീതിയിലുള്ള കോടതി സമുച്ചയം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ; | (എ) | ഹൈക്കോടതി ഡിസ്ട്രിക്ട് ജുഡീഷ്യറി രജിസ്ട്രാറിൽ നിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണ്. |
| (ബി) | വടക്കാഞ്ചേരി കോടതിയിൽ ഹൈക്കോടതി പ്രയോറിറ്റി പ്രകാരം അനുവദിച്ചിട്ടുള്ള സബ് കോടതിയും എം എ സി റ്റി കോടതിയും കുടുംബകോടതിയും അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ? | (ബി) | സംസ്ഥാനത്ത് പുതിയ കോടതികൾ സ്ഥാപിക്കുന്നതിലേയ്ക്കായി 02.03.2016-ലെ സ.ഉ.(കൈ)നം.79/2016/ആഭ്യന്തരം പ്രകാരം മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ള മുൻഗണനാ ലിസ്റ്റിൽ മൂന്നാമതായിട്ടാണ് വടക്കാഞ്ചേരി സബ് കോടതിയെ ഉൾപ്പെടുത്തിയിരിക്കുന്നത്. 31.10.2015-ലെ സ.ഉ.(സാധാ)നം.2780/2015/ ആഭ്യന്തരം പ്രകാരം വടക്കാഞ്ചേരി എം.എ.സി.റ്റി കോടതി 15-ാമതായിട്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. ഹൈക്കോടതി രജിസ്ട്രാറുടെ ശുപാർശ പരിശോധിച്ചശേഷം മുൻഗണനാക്രമം നിശ്ചയിച്ചാണ് കോടതികൾ അനുവദിക്കുന്നത്. വടക്കാഞ്ചേരി കുടുംബ കോടതി സ്ഥാപിക്കുന്നതിന് പ്രൊപ്പോസൽ നിലവിലില്ല. |

സെക്ഷൻ ഓഫീസർ